Electricity Tariffs

214. [266] Dr. A. Subba Rao : Will the Minister for Electricity be pleased to State :

(a) Whether the Kerala State Electricity Board has increased the Electricity Tariffs for consumers recently ;

(b) If so the details of the same?

Answer

(a) No.

(b) Does not arise.

വിദ്യുച്ഛക്തി നിരക്കിൽ വന്ന വർദ്ധനവ്

215. [267] ശ്രീ. കെ. പി. അരവിന്ദാക്ഷൻ :

,, കെ. മൂസ്സക്കുട്ടി :

,, കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രാവശ്യം വിദ്യുച്ഛക്തി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട് ;

(ബി) ഓരോ തവണയും വർദ്ധിപ്പിച്ച വൈദ്യുതി ചാർജ്ജ് എത്ര യാണെന്നും എന്നു മുതലാണ് ചാർജ്ജ് വർദ്ധനവ് നടപ്പിലാക്കിയതെന്നും വ്യക്തമാക്കാമോ ;

(സി) ഇതിന്റെ ഫലമായി വിദ്യുച്ഛക്തി നിരക്കിൽ വന്നവർദ്ധനവ് എത്ര ശതമാനമാണ് ;

(ഡി) ഈ കാലയളവിൽ കറൻറ് ചാർജ്ജ് വർദ്ധനവുമൂലം ഇലക്ട്രി സിറ്റി ബോർഡിനു ലഭിച്ച അധികവരുമാനം എത്ര ;

(ഇ) വർദ്ധിപ്പിച്ച നിരക്കനുസരിച്ച് ഈ വർഷം പ്രതീക്ഷിക്കുന്ന അധികവരുമാനം എത്ര ;

(എഫ്) വിദ്യുച്ഛക്തി നിരക്ക് വർദ്ധിപ്പിക്കുവാനുണ്ടായ കാരണ മെന്ത് ?

ഉത്തരം

എ) ഒരു പ്രാവശ്യം. ഇതിനുപുറമേ എൽ. ററി. ഇൻഡസ്ട്രിയൽ ഉപ ഭോക്താക്കളുടെ ഫിക്സഡ് ചാർജ്ജ് 1984-ൽ കൂടിയിട്ടുണ്ട്. പക്ഷേ ഇത് 1982-ലെ നോട്ടിഫിക്കേഷനനുസരിച്ച് വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ചുവടെ ചേർത്തിരിക്കുന്നു.

	ഉപഭോക്തൃ വിഭാഗം	പഴയ നിരക്ക് ശരാശരി യൂണിറ്റൊന്നിന്	പുതുക്കിയ നിരക്ക് ശരാശരി യൂണിറ്റൊന്നിന്	പുതിയ നിരക്ക് പ്രാബല്യത്തിൽ വന്ന തീയതി
1.	ഇ.എച്ച്. ടി. 110 കെ.വി. 66 കെ. വി.	10.8	24.45	1-9-1982
2.	എച്ച്.ടി. 11 കെ. വി.	18.24	30.4	1-9-1982
3.	എൽ.ടി.			
	(1) ഗാർഹികം	36	44	15-8-1982
	(2) ഗാർഹികേതരം	52	70	15-8-1982
	(3) കാർഷികം	15	15	താരിഫ് വർദ്ധനവ് ഇല്ല
	(4) വ്യവസായം	22	25	3-12-1984

(സി) ഇ. എച്ച്. ടി : 126 %
എച്ച്. ടി : 66.6 %
എൽ. ടി. ഗാർഹികം : 22.2 %
ഗാർഹികേതരം : 34.6 %
കാർഷികം : വ്യത്യാസമില്ല.
വ്യാവസായികം : 13.6 %

(ഡി) 9/82 മുതൽ 3/86 വരെയുള്ള കാലയളവിൽ ഉദ്ദേശം 140 കോടി രൂപ.

(ഇ) ഉദ്ദേശം 40 കോടി രൂപ.

(എഫ്) സാധനസാമഗ്രികളുടെ വില വർദ്ധനവ്/വേതന/കൂലി കൂടുതൽ എന്നിവ മൂലം വൈദ്യുതി ഉല്പാദന-പ്രസരണ-വിതരണ രംഗങ്ങളിൽ വന്ന അധിക ചെലവ് നേരിടുന്നതിലേക്ക്.

കാഞ്ഞിരോട് ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ

216. [268] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ കാഞ്ഞിരോട് എന്ന സ്ഥലത്ത് ഒരു ഇലക്ട്രിക്കൽ സബ്സ്റ്റേഷൻ പണിയുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ഇപ്പോൾ എവിടം വരെയായി;

(സി) നിർമ്മാണപ്രവർത്തി പൂർത്തിയാക്കി എന്നത്തേക്കു പ്രസ്തുത സ്റ്റേഷൻ പ്രവർത്തനമാരംഭിക്കും ?

LIBRARY ARCHIVES Kerala Legislative Assembly